# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ / NOVEMBER | 17 | 2022 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

ww.sabarimal.kerala..gov.in, prdsabarimala2022@gmail.com

---

**ശബരിമല തീർഥാടനം: ഭക്ഷ്യമന്ത്രി ജി.ആർ. അനിൽ 21ന് പമ്പയിൽ**

ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെയും ലീഗൽ മെട്രോളജി വകുപ്പിന്റെയും പ്രവർത്തനം അവലോകനം ചെയ്യുന്നതിന് ഭക്ഷ്യമന്ത്രി ജി.ആർ. അനിലിന്റെ അധ്യക്ഷതയിൽ നവംബർ 21ന് രാവിലെ 11ന് പമ്പയിലെ ശ്രീരാമസാകേതം ഹാളിൽ യോഗം ചേരും.

(പി.ആർ. ശബരി-15)

**ശബരിമല എഡിഎമ്മിന്റെ ചുമതല ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർക്ക്**

പത്തനംതിട്ട ദുരന്തനിവാരണവിഭാഗം ഡെപ്യൂട്ടി കളക്ടർ ടി.ജി. ഗോപകുമാറിന് ശബരിമല അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ അധിക ചുമതല നൽകി ജില്ലാ കളക്ടർ ഡോ. ദിവ്യ എസ് അയ്യർ ഉത്തരവായി.

(പി.ആർ. ശബരി-16)

**നവീകരിച്ച നീലിമല പാത തീർഥാടകർക്കായി തുറന്നു നൽകി**

കല്ലുപാകി നവീകരിച്ച നീലിമല പാത ദേവസ്വം വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പരമ്പരാഗത പാതയിലെ കുത്തനെയുള്ള കയറ്റവും വലിയ പടിക്കെട്ടുകളും ഇതോടെ ഇല്ലാതെയായി.

നീലിമല, അപ്പാച്ചിമേട് കയറ്റത്തിന്റെ ബുദ്ധിമുട്ടുകളും കുറയും. പാതയിൽ കൈവരികളും അടിയന്തര സാഹചര്യങ്ങളിൽ ആംബുലൻസുകൾ കയറുന്നതിനു സൗകര്യവും ഒരുക്കിയിട്ടു ്.

കേന്ദ്ര സർക്കാരിന്റെ സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കല്ലുകൾ പാകിയിരിക്കുന്നത്. കർണാടകയിലെ സാദർഹള്ളി, ഹൊസൂർ എന്നിവിടങ്ങളിൽ നിന്നാണ് കല്ലുകൾ എത്തിച്ചിരിക്കുന്നത്. പമ്പയിൽ നിന്നും ശരംകുത്തിവരെ ഏഴു മീറ്റർ വീതിയുള്ള 2,770 മീറ്റർ ദൈർഘ്യം വരുന്ന പാതയിലാണ് 12.10 കോടി രൂപ ചിലവിൽ കല്ലുകൾ പാകിയിരിക്കുന്നത്. ഗണപതി അമ്പലത്തിന് ചുറ്റും 2.76 കോടി രൂപ ചിലവിലും കല്ലുകൾ പാകിയിട്ടു ്. കഴിഞ്ഞ മാർച്ചിലാണ് നവീകരണ പ്രവർത്തനങ്ങൾ തുടങ്ങിയത്.

അഡ്വ. കെ.യു. ജനീഷ് കുമാർ എംഎൽഎ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ, ദേവസ്വം സെക്രട്ടറി കെ. ബിജു, ഐജി പി. വിജയൻ, ശബരിമല എഡിഎമ്മിന്റെ ചുമതല വഹിക്കുന്ന ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ ടി.ജി. ഗോപകുമാർ, ദേവസ്വം ബോർഡ് ചീഫ് എൻജിനിയർ ആർ. അജിത് കുമാർ തുടങ്ങിയവർ പങ്കെടുത്തു. (പി.ആർ. ശബരി-17)

## പവിത്രം ശബരിമല ശുചീകരണ പദ്ധതിക്ക് തുടക്കമായി

തിരുവതാംകൂർ ദേവസ്വം ബോർഡ് ആവിഷ്കരിച്ച ശുചീകരണ യജ്ഞ പരിപാടി പവിത്രം ശബരിമലയ്ക്ക് തുടക്കമായി. പദ്ധതിയുടെ ഉദ്ഘാടനം ദേവസ്വം വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ സന്നിധാനത്ത് നിർവഹിച്ചു. ദേവസ്വം ബോർഡ് ജീവനക്കാരും വിവിധ വകുപ്പ് ജീവനക്കാരും ചേർന്ന് സന്നിധാനവും പരിസര പ്രദേശങ്ങളും ശുചീകരിച്ചു. മണ്ഡല കാലത്ത് എല്ലാ ദിവസവും പവിത്രം ശബരിമല പദ്ധതിയുടെ ഭാഗമായി ഭക്തരെ ഏകോപിപ്പിച്ച് ശുചീകരണ യജ്ഞം നടപ്പാക്കും.

തിരുവിതാംകൂർ ദേവസ്വം ബോർഡ് പുറത്തിറക്കിയ 2023 ഡയറിയും ദേവസ്വം വകുപ്പ് മന്ത്രി പ്രകാശനം ചെയ്തു. സന്നിധാനത്തെ ദേവസ്വം ബോർഡ് ബുക്ക് സ്റ്റാളിൽ നിന്ന് ആവശ്യക്കാർക്ക് ഡയറികൾ വാങ്ങാം. 200, 80 രൂപ നിരക്കിൽ ഡയറികൾ ലഭ്യമാകും.

എംഎൽഎമാരായ അഡ്വ. പ്രമോദ് നാരായൺ, അഡ്വ. കെ.യു. ജനീഷ് കുമാർ, ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ, ദേവസ്വം ബോർഡ് മെമ്പർ പി.എം. തങ്കപ്പൻ, ശബരിമല സ്പെഷൽ കമ്മീഷണർ എം. മനോജ്, ദേവസ്വം സെക്രട്ടറി കെ. ബിജു, എഡിജിപി എം.ആർ. അജിത് കുമാർ, ശബരിമല പോലീസ് സ്പെഷ്യൽ ഓഫീസർ ബി. കൃഷ്ണകുമാർ, ദേവസ്വം ബോർഡ് ചീഫ് എൻജിനിയർ ആർ. അജിത് കുമാർ, ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ എച്ച്. കൃഷ്ണകുമാർ തുടങ്ങിയവർ പങ്കെടുത്തു. (പി.ആർ. ശബരി-18)

## അയ്യപ്പഭക്തർക്ക് വിവരങ്ങൾ അറിയാൻ ഇ-ബുള്ളറ്റിൻ

മണ്ഡല-മകരവിളക്ക് തീർഥാടനത്തിനായി അയ്യപ്പസന്നിധിയിലെത്തുന്ന ഭക്തർക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുന്നതിനായി ഇ-ബുള്ളറ്റിൻ 'സന്നിധാനം' തയാറായി. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പും ദേവസ്വം വകുപ്പും ചേർന്നു തയാറാക്കിയ ഇ-ബുള്ളറ്റിൻ ഭക്തർക്ക്

ലഭ്യമാക്കും. മലയാളത്തിന് പുറമേ തമിഴ്, കന്നഡ, തെലുങ്ക് ഭാഷകളിലും ബുള്ളറ്റിൻ ഒരുക്കിയിട്ടു ്. ശബരിമല സന്നിധാനത്തെ ശബരി ഗസ്റ്റ്ഹൗസിൽ നടന്ന ചടങ്ങിൽ ദേവസ്വം വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ ഇ-ബുള്ളറ്റിൻ പ്രകാശനം നിർവഹിച്ചു.

എംഎൽഎമാരായ അഡ്വ. പ്രമോദ് നാരായൺ, അഡ്വ. കെ.യു. ജനീഷ് കുമാർ, ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ, ശബരിമല സ്പെഷൽ കമ്മീഷണർ എം. മനോജ്, ദേവസ്വം സെക്രട്ടറി കെ. ബിജു, എഡിജിപി എം.ആർ. അജിത് കുമാർ, ശബരിമല പോലീസ് സ്പെഷ്യൽ ഓഫീസർ ബി. കൃഷ്ണകുമാർ, ദേവസ്വം ബോർഡ് ചീഫ് എൻജിനിയർ ആർ. അജിത് കുമാർ, ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ എച്ച്. കൃഷ്ണകുമാർ തുടങ്ങിയവർ പങ്കെടുത്തു.

തീർഥാടനത്തിന് എത്തുന്നവർ വെർച്വൽ ക്യൂ രജിസ്ട്രേഷൻ പൂർത്തിയാക്കേ ത് നിർബന്ധമായതിനാൽ വെർച്വൽ ക്യൂ ഓൺലൈൻ ബുക്കിംഗിനുള്ള ഇന്ററാക്ടീവ് ലിങ്കുകൾ ബുള്ളറ്റിനിൽ നൽകിയിട്ടു ്. ശബരിമല മണ്ഡല, മകരവിളക്ക് തീർഥാടനത്തെ സംബന്ധിച്ച പ്രധാനപ്പെട്ട തീയതികൾ, ശബരിമല പൂജാസമയം, ഭക്തർക്കുള്ള പ്രധാനപ്പെട്ട നിർദേശങ്ങൾ, ഹെൽപ് ലൈൻ നമ്പറുകൾ എന്നിവ ഇ-ബുള്ളറ്റിനിലൂടെ അറിയാം. പ്രധാനപ്പെട്ട വഴിപാടുകളും അവയുടെ നിരക്കുകളും ഉ ്. അയ്യപ്പ ഭക്തർക്ക് സ്പോട്ട് ബുക്കിംഗിനായി ഒരുക്കിയിരിക്കുന്ന കേരളത്തിലെ പ്രധാനപ്പെട്ട 12 കേന്ദ്രങ്ങളുടെ വിവരങ്ങൾ ഇ- ബുള്ളറ്റിനിൽ നൽകിയിട്ടു ്.

തീർഥാടകർക്കുള്ള നിർദേശങ്ങൾ വിശദമായി ഇ- ബുള്ളറ്റിനിൽ പ്രതിപാദിക്കുന്നു. അയ്യപ്പസന്നിധിയിൽ എത്തുന്നതിന് ഭക്തർ ഏത് പാത ഉപയോഗിക്കണം എന്നു തുടങ്ങി, അയ്യപ്പന് കാണിക്ക എങ്ങനെ സമർപ്പിക്കണം എന്നുവരെയുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടു ്. ശബരിമലയുടെ പരിശുദ്ധി നിലനിർത്താൻ ഭക്തർ ജാഗ്രതയോടെ പാലിക്കേ ുന്ന കാര്യങ്ങളും ഇ- ബുള്ളറ്റിനിൽ നൽകിയിട്ടു ്. അയ്യപ്പന്റെ പൂങ്കാവനം പ്ലാസ്റ്റിക് വിമുക്തമായി സൂക്ഷിക്കേ തിന്റെ ആവശ്യകതയും ഇതിൽ ഊന്നിപ്പറയുന്നു. പുണ്യ നദിയായ പമ്പ മലിനമാക്കാതെ സംരക്ഷിക്കേ ത് ഭക്തരുടെ ഉത്തരവാദിത്തമാണെന്ന സന്ദേശവും ഇ- ബുള്ളറ്റിൻ പകർന്നു നൽകുന്നു. (പി.ആർ. ശബരി-19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.